## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4660 | 25/06/2019 ൽ മറുപടിക്ക്

### തോട്ടണ്ടിയുടെ തറവില ഉയർത്താൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.സി. ജോസഫ്<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളി<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ<br>ശ്രീ. വി.ടി. ബൽറാം | | ശ്രീമതി.ജെ.മെഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ മന്ത്രി) | |
| (എ) | തോട്ടണ്ടിയുടെ വില നിശ്ചയിക്കുന്നതിന് പ്രൈസ് ഫിക്സിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ; പ്രസ്തുത കമ്മിറ്റി ഈ സീസണിൽ തോട്ടണ്ടിയുടെ തറവില നിശ്ചയിച്ചിട്ടുണ്ടോ; | (എ) | കേരളത്തിലെ തോട്ടണ്ടിയുടെ വില നിർണ്ണയിക്കുന്നതിന് കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായ വില നിർണ്ണയ സമിതി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സമിതി ഈ സീസണിൽ രണ്ടു പ്രാവശ്യം വില നിശ്ചയിച്ചിട്ടുണ്ട്. ഈ സീസൺ തുടക്കം മുതൽ മെയ് 5 വരെ ലഭ്യമായ തോട്ടണ്ടിയ്ക്ക് 123 രൂപയും, മെയ് 6 മുതൽ ലഭ്യമായ തോട്ടണ്ടിയ്ക്ക് 110 രൂപയും വില നിശ്ചയിച്ചു. |
| (ബി) | കഴിഞ്ഞ സീസണെക്കാൾ കുറഞ്ഞ നിരക്കിൽ തോട്ടണ്ടി വില ഫിക്സ് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. കഴിഞ്ഞ സീസണിൽ വില നിശ്ചയിച്ചിരുന്നത് 138 രൂപയായിരുന്നു. അന്താരാഷ്ട്ര വിപണിയിൽ തോട്ടണ്ടിയുടെയും, കശുവണ്ടി പരിപ്പിന്റെയും വില കുറഞ്ഞതനുസരിച്ച് ഈ വർഷം കുറഞ്ഞ വിലയാണ് പ്രൈസ് ഫിക്സിംഗ് കമ്മിറ്റി തീരുമാനിച്ചത്. |
| (സി) | തോട്ടണ്ടിയുടെ തറവില കുറഞ്ഞ നിരക്കിൽ നിശ്ചയിക്കുന്നത് കശുമാവ് കൃഷിക്കാരെ നിരുത്സാഹപ്പെടുത്തുവാൻ സാധ്യതയുണ്ടോ; | (സി) | സാധ്യതയില്ല. എല്ലാ സീസണിലും കശുവണ്ടിയ്ക്ക് വില വ്യത്യാസം വരുന്നത് സ്വാഭാവികമാണ്.<br>നിത്യേന വ്യതിയാനം സംഭവിക്കുന്ന കശുവണ്ടി പരിപ്പിന്റെയും തോട്ടണ്ടിയുടേയും മാർക്കറ്റനുസരിച്ചേ വില നിർണ്ണയം സാധ്യമാകൂ. |
| (ഡി) | സംസ്ഥാനത്തെ കശുവണ്ടി വ്യവസായത്തിനും കശുമാവ് കൃഷിക്കാർക്കും ഒരുപോലെ പ്രയോജനപ്പെടുന്ന ന്യായവില | (ഡി) | കശുവണ്ടിയുടെ വില നിർണ്ണയ സമിതിയാണ് ഈ കാര്യങ്ങൾ ഉറപ്പാക്കേണ്ടത്.<br>കശുവണ്ടി വ്യവസായത്തിനും, കശുമാവ് കർഷകർക്കും ഒരു പോലെ |

| | | | |
|---|---|---|---|
| | ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | | പ്രയോജനപ്പെടുന്ന രീതിയിലാണ് വില നിർണ്ണയം നടത്തുന്നത്. കശുമാവ് കൃഷി കേരളത്തിൽ സീസണലായതിനാൽ കശുമാവ് കർഷകർക്ക് കൂടുതൽ പരിഗണന നടത്തിയാണ് വില നിർണ്ണയിക്കുന്നത്. |
| (ഇ) | പ്രൈസ് ഫിക്സിംഗ് കമ്മിറ്റി തീരുമാനിച്ച നിരക്കിനേക്കാൾ കൂടിയ നിരക്കിൽ കാപ്പക്സ് വ്യവസായികളിൽ നിന്നും തോട്ടണ്ടി വാങ്ങിച്ചിട്ടുണ്ടോ; എത്ര ടൺ തോട്ടണ്ടിയാണ് ഇപ്രകാരം വാങ്ങിയതെന്നും ഇതുമൂലം കാപ്പക്സിന് നഷ്ടം ഉണ്ടായിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ? | (ഇ) | പരിശോധിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ